14

2021

ഡിസംബർ

ചൊവ്വ

1197

വൃശ്ചികം 28

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 202 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-202 പേജ് 4. വില 2.00 രൂപ








02 സ്മാർട്ട് റേഷൻ കാർഡ് കൂടുതൽ പേരിലേക്ക് എത്തിക്കും

03 ബസിനുനേരെ ഭീകരാക്രമണം; മൂന്ന് പോലീസുകാർക്ക് വീരമൃത്യു

04 സംസ്ഥാനത്ത് പുതിയ കരിയർ നയം ഉണ്ടാക്കും: മന്ത്രി വി ശിവൻകുട്ടി


# പൊതുപരിപാടിക്ക് 300 പേർ, സ്കൂൾ പൂർണതോതിൽ തുറക്കില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ സ്കൂളുകൾ പൂർണതോതിൽ തുറക്കുന്നതു ഇപ്പോൾ പരിഗണനയിൽ ഇല്ലെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കോവിഡ് അവലോകനയോഗത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം അറിയിച്ചത്.



സ്കൂളുകളിൽ എത്തുന്ന കുട്ടികൾക്ക് കോവിഡ് രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ആരോഗ്യപരിരക്ഷ നൽകാൻ നടപടി എടുക്കണം. കോവിഡാനന്തര രോഗങ്ങളെക്കുറിച്ച് അധ്യാപകരിൽ പൊതു ധാരണ ഉണ്ടാക്കണം. കോവിഡ് ധനസഹായം സമയബന്ധിതമായി പൂർത്തീകരിക്കാൻ ജില്ലാ കളക്ടർമാരോട് മുഖ്യമന്ത്രി നിർദേശിച്ചു. ഉത്സവങ്ങളുമായി ബന്ധപ്പെട്ട ആചാരപരമായ കലാരൂപങ്ങൾ അനുവദിക്കും. ഉത്സവങ്ങൾ, രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക പരിപാടികളുൾപ്പെടെയുള്ള പൊതുചടങ്ങുകൾ എന്നിവയ്ക്ക് തുറന്ന ഇടങ്ങളിൽ പരമാവധി 300 പേരെയും മുറികൾ, ഹാളുകൾ പോലുള്ള അടഞ്ഞ ഇടങ്ങളിൽ പരമാവധി 150 പേരെയും അനുവദിക്കും. വിവാഹങ്ങൾ, മരണാനന്തര ചടങ്ങുകൾ എന്നിവയ്ക്ക് തുറന്ന ഇടങ്ങളിൽ പരമാവധി 200, അടഞ്ഞ ഇടങ്ങളിൽ പരമാവധി 100 എന്ന നിലവിലുള്ള നില തുടരും. അനുവദനീയമായ ആളുകളുടെ എണ്ണം ലഭ്യമായ സ്ഥലത്തിന് ആനുപാതികമായിരിക്കണം.

ശബരിമലയിൽ കഴിഞ്ഞദിവസം ചില ഇളവുകൾ അനുവദിച്ചിട്ടുണ്ടെന്നും അവിടെ ഒരു തരത്തിലും ജാഗ്രതക്കുറവ് പാടില്ലെന്നും മുഖ്യമന്ത്രി അവലോകനയോഗത്തിൽ നിർദേശം നല്കി.

# സഹകരണ സംഘങ്ങളെ ബാങ്കുകളായി പരിഗണിക്കാനാവില്ലെന്ന് നിർമല സീതാരാമൻ

ന്യൂഡൽഹി : സഹകരണ സംഘങ്ങളെ ബാങ്കുകളായി പരിഗണിക്കാനാവില്ലെന്ന് ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയെ അറിയിച്ചു. സഹകരണ സംഘങ്ങൾക്ക് ബാങ്കിങ് നിയന്ത്രണ നിയമ പ്രകാരമുള്ള ലൈസൻസും ആർബിഐ അംഗീകാരവുമില്ല. ജനങ്ങൾക്ക് നൽകിയ മുന്നറിയിപ്പ് പിൻവലിക്കാനാവില്ലെന്ന് ആർബിഐ വ്യക്തമാക്കിയതായും ധനമന്ത്രി സഭയിൽ പറഞ്ഞു.




പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ബാങ്കുകളെന്ന് പേരിനൊപ്പം ചേർക്കാനാവില്ല. വോട്ടവകാശമില്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കരുത്. അംഗങ്ങളല്ലാത്തവരുടെ നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കില്ല. തുടങ്ങിയ നിയന്ത്രണങ്ങൾ ആർബിഐ ഏർപ്പെടുത്തിയിരുന്നു. സഹകരണ മേഖലയെ തകർക്കാനുള്ള കേന്ദ്ര ഇടപെടലുകളുടെ ഭാഗമായായിരുന്നു ആർബിഐ ഉത്തരവ്. 1625 പ്രാഥമിക സഹകരണ സംഘങ്ങളെയും 15000ത്തോളം മറ്റു സഹകരണ സംഘങ്ങളെയും ഈ തീരുമാനം പ്രതികൂലമായി ബാധിക്കും. 2020 സെപ്തംബറിൽ നിലവിൽ വന്ന ബാങ്കിങ് നിയന്ത്രണ നിയമത്തിലെ ഭേദഗതി പ്രകാരമാണ് സഹകരണ സംഘങ്ങൾക്ക് ബാങ്കിങ്ങിൽ നിയന്ത്രണം കൊണ്ടുവന്നത്. എന്നാൽ കേരളം ഇത് നടപ്പാക്കിയിരുന്നില്ല. ഈ സാഹചര്യത്തിലാണ് ആർബിഐ പുതിയ ഉത്തരവ് പുറത്തിറക്കിയത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഡിസംബർ 1, 2 തീയതികളിലായി കത്ത് അയച്ചിരുന്നു. എന്നാൽ കേരളം ഉൾപ്പെടെ അയച്ച കത്തുകൾ ആർബിഐ തള്ളികളഞ്ഞെന്നും മറുപടിയിൽ വ്യക്തമാക്കുന്നു.

# വാക്സിനേഷൻ നിരക്ക് കുറഞ്ഞ ജില്ലകളിൽ പ്രത്യേക ശ്രദ്ധ വേണം : മുഖ്യമന്ത്രി

വാക്സിനേഷൻ നിരക്ക് കുറഞ്ഞ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ അത് വർധിപ്പിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കോവിഡ് അവലോകനയോഗത്തിൽ ബന്ധപ്പെട്ട ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്ത് 97 ശതമാനം പേർ ആദ്യ ഡോസ് വാക്സിനും 70 ശതമാനം പേർ രണ്ടാം ഡോസ് വാക്സിനും സ്വീകരിച്ചിട്ടുണ്ട്. 70 ലക്ഷം പേർക്ക് രണ്ടാം ഡോസ് നൽകാനുണ്ട്. അത് എത്രയും വേഗം പൂർത്തീകരിക്കാൻ മുഖ്യമന്ത്രി ആരോഗ്യ വകുപ്പിനോട് നിർദ്ദേശിച്ചു.

ഒമിക്രോൺ പശ്ചാത്തലത്തിൽ ക്ലസ്റ്ററുകൾ രൂപപ്പെടുന്നത് കണ്ടെത്തണം. അവിടങ്ങളിൽ ജനിതക സീക്വൻസിംഗ് വർദ്ധിപ്പിക്കണം. എറണാകുളത്ത് ഒമിക്രോൺ സ്ഥിരീകരിച്ച രോഗിയുമായി ബന്ധപ്പെട്ട 36 പേരും ഐസൊലേഷനിലാണ്.

നിർബന്ധമായും മാസ്ക് ധരിക്കണം. മൂന്ന് ലെയർ മാസ്കോ എൻ 95 മാസ്കോ ധരിക്കാൻ ശ്രദ്ധിക്കണം.

ഉത്സവങ്ങളുമായി ബന്ധപ്പെട്ട ആചാരപരമായ കലാരൂപങ്ങൾ അനുവദിക്കും. ഉത്സവങ്ങൾ, രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക പരിപാടികളുൾപ്പെടെയുള്ള പൊതുചടങ്ങുകൾ എന്നിവയ്ക്ക് തുറന്ന ഇടങ്ങളിൽ പരമാവധി 300 പേരെയും മുറികൾ, ഹാളുകൾ പോലുള്ള അടഞ്ഞ ഇടങ്ങളിൽ പരമാവധി 150 പേരെയും അനുവദിക്കും.

വിവാഹങ്ങൾ, മരണാനന്തര ചടങ്ങുകൾ എന്നിവയ്ക്ക് തുറന്ന ഇടങ്ങളിൽ പരമാവധി 200 ഉം അടഞ്ഞ ഇടങ്ങളിൽ പരമാവധി 100 ഉം പേർ എന്ന നില തുടരും. അനുവദനീയമായ ആളുകളുടെ എണ്ണം ലഭ്യമായ സ്ഥലത്തിന് ആനുപാതികമായിരിക്കണം.

ശബരിമലയിൽ കഴിഞ്ഞദിവസം ചില ഇളവുകൾ അനുവദിച്ചിരുന്നു. അവിടെ ഒരു തരത്തിലും ജാഗ്രതക്കുറവ് പാടില്ല.

സ്കൂളുകളിൽ എത്തുന്ന കുട്ടികൾക്ക് കോവിഡ് രോഗ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ആരോഗ്യപരിരക്ഷ നൽകാൻ നടപടി എടുക്കണം. കോവിഡാനന്തര രോഗങ്ങളെക്കുറിച്ച് അധ്യാപകരിൽ പൊതു ധാരണ ഉണ്ടാക്കണം. സ്കൂളുകൾ പൂർണതോതിൽ തുറക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കോവിഡ് ധനസഹായം സമയബന്ധിതമായി പൂർത്തീകരിക്കാൻ ജില്ലാ കലക്ടർമാരോട് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

# ഭാര്യ അറിയാതെ അവരുടെ ഫോൺ സംഭാഷണം റെക്കോഡ് ചെയ്യുന്നത് നിയമവിരുദ്ധം

ചണ്ഡീഗഡ്: ഭാര്യ അറിയാതെ അവരുടെ ഫോൺ സംഭാഷണം റെക്കോഡ് ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന് കോടതി. പഞ്ചാബ്ഹരിയാന ഹൈക്കോടതിയുടേതാണ് നിരീക്ഷണം. 2020ലെ ബതിൻഡ കുടുംബ ടതി ഉത്തരവിനെ ചോദ്യംചെയ്ത് യുവതി സമർപ്പിച്ച ഹർജിയിൽ ജസ്റ്റിസ് ലിസ ഗില്ലിൻറേതാണ് പരാമർശം.

പരാതിക്കാരിയായ യുവതിയും അവരുടെ ഭർത്താവും തമ്മിലുള്ള റെക്കോഡ് ചെയ്ത ഫോൺ സംഭാഷണങ്ങൾ സിഡിയിലാക്കി വാദങ്ങൾ തെളിയിക്കാൻ 2020ൽ ബതിൻഡ കുടുംബ കോടതി ഭർത്താവിന് അനുമതി നൽകിയിരുന്നു.

മെമ്മറി കാർഡിലോ മൊബൈൽ ഫോണിലെ ചിപ്പിലോ റെക്കോഡ് ചെയ്ത സംഭാഷണങ്ങളുടെ സിഡിയും ട്രാൻസ്ക്രിപ്റ്റുകളും സഹിതം അനുബന്ധ സത്യവാങ്മൂലം സമർപ്പിക്കാനാണ് ഭർത്താവിന് കുടുംബ കോടതി അനുമതി നൽകിയത്. എന്നാൽ കുടുംബ കോടതി ഉത്തരവിനെ ചോദ്യംചെയ്ത് യുവതി ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

ഇത്തരം സംഭാഷണങ്ങളുടെ ആധികാരിക ഉറപ്പുവരുത്താൻ കഴിയില്ല. കോടതിയിൽ ആദ്യം സമർപ്പിച്ച ഹർജിയിൽ ഇത്തരം സംഭാഷണങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. വിവാഹമോചന ഹർജി നൽകുന്നതിന് വർഷങ്ങൾക്ക് മുമ്പേയുള്ള ടെലിഫോൺ സംഭാഷണമാണിതെന്നും ഹർജിക്കാരന്റെ സമ്മതമില്ലാതെ റെക്കോർഡ് ചെയ്തതിനാൽ അവ തെളിവായി സ്വീകരിക്കാൻ സാധിക്കില്ലെന്നും യുവതിയുടെ അഭിഭാഷകൻ കോടതിയിൽ വാദിച്ചു.

അതേസമയം ഭാര്യ ക്രൂരമായി പെരുമാറിയെന്ന് തെളിയിക്കാനുള്ള തെളിവാണിതെന്ന് ഭർത്താവിനുവേണ്ടി ഹാജരായ അഭിഭാഷകൻ വാദിച്ചത്. എന്നാൽ ഭാര്യയുടെ അറിവോടെയല്ലാതെ അവരുമായുള്ള ടെലിഫോൺ സംഭാഷണം റെക്കോഡ് ചെയ്യുന്നത് സ്വകാര്യതയുടെ ലംഘനമാണെന്ന് നിരീക്ഷിച്ച ഹൈക്കോടതി, കുടുംബ കോടതി ഉത്തരവ് റദ്ദാക്കുകയായിരുന്നു.

വിവാഹമോചനം ആവശ്യപ്പെട്ട് 2017 ലാണ് ഭർത്താവ് കോടതിയെ സമീപിച്ചത്. 2009 ലായിരുന്നു ഇവരുടെ വിവാഹം നടന്നത്. ദമ്പതികൾക്ക് ഒരു മകളുണ്ട്.

# ഡോക്ടർമാരുടെ സമരം തുടരുന്നു: രോഗികളെ തിരിച്ചയച്ചു, ശസ്ത്രക്രിയകൾ മാറ്റി

തിരുവനന്തപുരം: സംസ്ഥാനത്തെ പിജി ഡോക്ടർമാരുടെ സമരം നാലാം ദിവസത്തിലേക്ക് പിന്നിട്ടതോടെ മെഡിക്കൽ കോളജ് ആശുപത്രികളുടെ പ്രവർത്തനം ആകെ താളം തെറ്റിയ സ്ഥിതിയിൽ. മിക്ക മെഡിക്കൽ കോളജുകളിലും വിദഗ്ധചികിത്സയും അത്യാഹിത വിഭാഗങ്ങളും പ്രതിസന്ധിയിലായി. ശസ്ത്രക്രിയകൾ മാറ്റിവച്ചതായും റിപ്പോർട്ടുണ്ട്.

രോഗികളെ ആശുപത്രിയിൽനിന്ന് തിരിച്ചയക്കുകയാണ്. സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഹൗസ് സർജന്മാരും ഇന്ന് 24 മണിക്കൂർ ഡ്യൂട്ടി ബഹിഷ്ക്കരണ സമരം നടത്തുകയാണ്. രാവിലെ എട്ട് മുതൽ 24 മണിക്കൂർ കോവി!ഡ്, അത്യാഹിത വിഭാഗം ഒഴികെയുള്ള ഡ്യൂട്ടികളിൽ നിന്നാണ് ഹൗസ് സർജൻമാർ വിട്ടുനിൽക്കുന്നത്.

ഹൗസ് സർജൻമാരെ ആരോഗ്യമന്ത്രി വീണാ ജോർജ് ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്. അതേസമയം, കേരളത്തിലെ സർക്കാർ മെഡിക്കൽ കോളജുകളിലെ പിജി വിദ്യാർഥികൾ നടത്തിവരുന്ന സമരത്തെ അടിച്ചമർത്താനുള്ള ശ്രമങ്ങളിൽ നിന്നു സർക്കാർ പിൻമാറണമെന്നു കേരള ഗവൺമെൻറ് മെഡിക്കൽ കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെജിഎംസിടിഎ) ആവശ്യപ്പെട്ടു.

# സമരം ചെയ്യുന്ന കായിക താരങ്ങളെ ചർച്ചയ്ക്ക് വിളിച്ച് സർക്കാർ

തിരുവനന്തപുരം: സർക്കാർ വാഗ്ദാനം ചെയ്ത ജോലി നല്കണമെന്നാവശ്യപ്പെട്ട് സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തുന്ന കായികതാരങ്ങളുമായി ചർച്ചയ്ക്ക് തയാറായി സർക്കാർ. വ്യാഴാഴ്ചയാണ് ചർച്ച.

കഴിഞ്ഞ 13 ദിവസമായി സെക്രട്ടേറിയറ്റ് നടയിൽ കായിക താരങ്ങൾ സമരം നടത്തിവരികയായിരുന്നു. 2010 മുതൽ 14 വരെയുള്ള അഞ്ചു വർഷത്തെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കായി 249 താരങ്ങൾക്കായിരുന്നു സർക്കാർ ജോലി വാഗ്ദാനം ചെയ്തത്. ഇതിൽ 195 പേർക്ക് സർക്കാർ ജോലി നല്കി. ഇതിൽ 17 പേർ ജോലിയിൽ പ്രവേശിച്ചുമില്ല. ഇവയുൾപ്പെടെ 71 ഒഴിവുകളിലാണ് നയമനം നടത്താനുള്ളത്. വർഷങ്ങൾ കഴിഞ്ഞിട്ടും നിയമനകാര്യത്തിൽ തീരുമാനമൊന്നുമായില്ല. ഇതോടെയാണ് കായികതാരങ്ങൾ സമരവുമായി രംഗത്തെത്തിയത്.




# ഒമിക്രോൺ കേസുകൾ 33; ജാഗ്രതാ നിർദേശം

ന്യൂഡൽഹി: ഡൽഹിയിൽ ഒരു കേസ് കൂടി സ്ഥിരീകരിച്ചതോടെ രാജ്യത്ത് ആകെ 33 ഒമിക്രോൺ കേസുകൾ റിപ്പോർട്ട് ചെയ്തു. സിംബാബ്‌വേയിൽ നിന്നു മടങ്ങിയെത്തിയ ആൾക്കാണ് ഡൽഹിയിൽ വകഭേദം വന്ന ഒമിക്രോൺ കോവിഡ് വൈറസ് സ്ഥിരീകരിച്ചത്.

ആഗോള തലത്തിൽ ഒമിക്രോൺ ആശങ്ക പടർത്തുകയാണ്. അതിനാൽ അപകടം മുന്നിൽ കണ്ടു കരുതിയിരിക്കണമെന്ന് കോവിഡ് കർമ സമിതി അധ്യക്ഷൻ ഡോ. വി.കെ. പോൾ മുന്നറിയിപ്പു നൽകി.

ഡൽഹിയിൽ ഒമിക്രോൺ സ്ഥിരീകരിച്ച വ്യക്തി ദക്ഷിണാഫ്രിക്ക സന്ദർശിച്ചിരുന്നു. തലസ്ഥാനത്തെ എൽഎൻജെപി ആശുപത്രിയിൽ വിദേശത്തു നിന്നെത്തിയ 27 പേരുടെ സാന്പിളുകളുടെ ജനിതക ശ്രേണീകരണത്തിനായി അയച്ചിട്ടുണ്ട്. മഹാരാഷ്ട്രയിൽ രണ്ടു ദിവസത്തേക്കു കർശന നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

അതിനിടെ, കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളിൽ കോവിഡിനെതിരേ ജില്ലാ തലത്തിൽ കർശന ജാഗ്രത പുലർത്തണമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിർദേശിച്ചു.


## പോത്തൻകോട് കൊലപാതകം; രണ്ട് പേർ കൂടി അറസ്റ്റിൽ

തിരുവനന്തപുരം: പോത്തൻകോട് യുവാവിനെ വീട്ടിൽ കയറി ക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിൽ രണ്ടു പേരെ കൂടി പോലീസ് അറസ്റ്റ് ചെയ്തു. ജിഷ്ണു, നന്ദു എന്നിവരാണ് പിടിയിലായത്.

ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം എട്ടായി. രാജേഷ്, ശ്യാം, ഉണ്ണി എന്നിവരാണ് ഇനി പിടിയിലാകാനുള്ളത്. പ്രതികളായ സച്ചിൻ, അരുൺ, സൂരജ് എന്നിവരെ ഇന്ന് പോലീസ് പിടികൂടിയിരുന്നു.




കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷനിൽ സജ്ജമായ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ഉദ്ഘാടനം മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കുന്നു



സർക്കാർ സ്കൂളുകളിലെ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് ജോയ്സ്റ്റിക് ഓപ്പറേറ്റഡ് മോട്ടോറൈസ്ഡ് വീൽ ചെയറുകൾ വിതരണം ചെയ്യുന്ന പദ്ധതി ജില്ലാ പഞ്ചായത്ത് ഹാളിൽ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്ത ശേഷം മന്ത്രി വി. ശിവൻകുട്ടി ഗുണഭോക്താവിനൊപ്പം

# ഭക്ഷ്യമന്ത്രിയുടെ ഫയൽ അദാലത്ത് കൊല്ലം ജില്ലയിൽ പൂർത്തിയായി

കൊല്ലം : സംസ്ഥാനത്തെ വിവിധ ജില്ലകളിൽ 700 ഓളം റേഷൻകടകളുടെ ലൈസൻസുകൾ പല കാരണങ്ങളാൽ സസ്പെന്റു ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഭക്ഷ്യപൊതുവിതരണ വകുപ്പുമന്ത്രി നേരിട്ട് നടത്തുന്ന അദാലത്തുകൾ കൊല്ലം ജില്ലയിൽ അവസാനിച്ചു. കൊല്ലം ജില്ലയിൽ നടന്ന അദാലത്തിൽ സസ്പെന്റ് ചെയ്യപ്പെട്ട 16 കടകളുടെ ലൈസൻസ് പുനഃസ്ഥാപിച്ച് നൽകി. 24 ലൈസൻസികൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കാൻ സമയം അനുവദിച്ചു. അഞ്ച് ലൈസൻസുകൾ റദ്ദു ചെയ്തു. മറ്റു ജില്ലകളിൽ വരും ദിവസങ്ങളിൽ അദാലത്ത് തുടരും.

സിവിൽ സപ്ലൈസ് ഡയറക്ടർ ഡി. സജിത് ബാബു, ദക്ഷിണ മേഖല ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ അനിൽ രാജ്, കൊല്ലം ജില്ലാ സപ്ലൈ ഓഫീസർ ഗാനാദേവി, വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥരും അദാലത്തിൽ പങ്കെടുത്തു. കോട്ടയം, എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലും അദാലത്തുകൾ പൂർത്തിയായി.

## കെൽട്രോണിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

കെൽട്രോണിന്റെ തിരുവനന്തപുരം നോളജ് സെന്ററിൽ അഡ്വാൻസ് ഡിപ്ലോമ ഇൻ മീഡിയ ഡിസൈനിംഗ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിങ്, ഡിപ്ലോമ ഇൻ ഹാർഡ് വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ഇഗാഡ്ജെറ്റ് ടെക്നോളജി, ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, വെബ് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ്സ്, ഡിപ്ലോമ ഇൻ ഇന്ത്യൻ ആൻഡ് ഫോറിൻ അക്കൗണ്ടിംഗ് എന്നീ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത പ്ലസ് ടു/ഐ.ടി.ഐ/ഡിപ്ലോമ/ബിടെക്. പ്രായപരിധിയില്ല. അപേക്ഷക്കും മറ്റു വിവരങ്ങൾക്കും സഴൈ.സലഹ്യേീ.ശി സന്ദർശിക്കുക. വിലാസം: കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറിവിമൻസ് കോളേജ് റോഡ്, വഴുതക്കാട് പി. ഒ., തിരുവനന്തപുരം. ഫോൺ 8590605260, 04712325154.

# പോക്സോ കേസുകളിൽ രണ്ടു മാസത്തിനകം കുറ്റപത്രം നൽകണമെന്നു ഡിജിപി

തിരുവനന്തപുരം: ഗാർഹിക പീഡനവുമായി ബന്ധപ്പെട്ടുള്ള പരാതികൾ ലഭിച്ചാൽ ഒത്തുതീർപ്പിനു ശ്രമിക്കാതെ അന്വേഷണം നടത്തണമെന്നു സംസ്ഥാന പോലീസ് മേധാവിയുടെ നിർദേശം. നിയമാനുസൃതമായ അന്വേഷണം നടത്തി പരാതിയിൽ കഴമ്പുണ്ടെന്നു കണ്ടെത്തിയാൽ കേസെടുക്കണമെന്നും പോലീസ് ആസ്ഥാനത്തു ചേർന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഡിജിപി അനിൽ കാന്ത് നിർദേശം നൽകി.

പോക്സോ കേസുകളിൽ രണ്ടു മാസത്തിനകം കുറ്റപത്രം സമർപ്പിക്കണം. ഇത്തരം കേസുകളുടെ വിചാരണ ആറു മാസത്തിനം പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. നിലവിലുള്ള കേസുകളുടെ അന്വേഷണം ഈ മാസം 31നകം പൂർത്തിയാക്കണം.

ഇക്കാര്യത്തിൽ ജില്ലാ പോലീസ് മേധാവിമാരുടെ ഇടപെടലുണ്ടാകണം. കോടതികൾക്ക് മുൻപാകെയുള്ള കേസുകളിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ സ്വീകരിക്കണമെന്നും അനിൽ കാന്ത് നിർദേശിച്ചു.

പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് ഇടപെടുന്ന രീതി കൂടുതൽ മെച്ചപ്പെടുത്തണം. ഇക്കാര്യങ്ങൾ താഴേത്തട്ടിലുള്ള ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തണമെന്നു ജില്ലാ പോലീസ് മേധാവിമാരോടു നിർദേശിച്ചു.

പട്ടികജാതി വർഗ വിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനും അവരുടെ പരാതികളിൻമേൽ എത്രയും വേഗം നടപടി കൈക്കൊള്ളാനും പ്രത്യേകം ശ്രദ്ധിക്കണമെന്നും പോലീസ് മേധാവി നിർദേശിച്ചു.

## മത്സ്യത്തൊഴിലാളി സംഘങ്ങളുടെ ശാക്തീകരണയോഗം

കൊല്ലം : ജില്ലയിലെ മത്സ്യത്തൊഴിലാളി സംഘങ്ങളുടെ ശാക്തീകരണം വിലിയിരുത്തിയുള്ള യോഗവും പദ്ധതികളുടെ ചർച്ചയും മത്സ്യഫെഡ് ചെയർമാൻ റ്റി. മനോഹരൻ മത്സ്യഫെഡ് ജില്ലാ ഓഫീസിൽ ഉദ്ഘാടനം ചെയ്തു. 50 പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു. പുതിയ പദ്ധതികൾ ചർച്ച ചെയ്തു. 13 സംഘങ്ങൾ ശാക്തീകരിക്കാൻ തീരുമാനമായി.

ഭരണസമിതി അംഗങ്ങളായ ജി. രാജദാസ്, സബീന സ്റ്റാൻലി, ജില്ലാ മാനേജർ ഡോ. എം. നൗഷാദ്, ഡെപ്യൂട്ടി മാനേജർ ശോഭ, പ്രോജക്ട് ഓഫീസർ എസ്. രസിത, എക്സ്റ്റൻഷൻ ഓഫീസർ കെ. ലത എന്നിവർ പങ്കെടുത്തു.

# സ്കൂൾ കെട്ടിടങ്ങളെല്ലാം ഭിന്നശേഷി സൗഹൃദമാക്കും : മന്ത്രി വി. ശിവൻകുട്ടി

കൊല്ലം : സർക്കാർ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളെല്ലാം പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് ജോയ്സ്റ്റിക് ഓപ്പറേറ്റഡ് മോട്ടോറൈസ്ഡ് വീൽചെയറുകൾ വിതരണം ചെയ്യുന്ന ജില്ലാ പഞ്ചായത്തിന്റെ 'വിസ്മയം' പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർക്കാരിന്റെ വിദ്യാഭ്യാസ പദ്ധതികളിൽ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികളെയും പരിഗണിക്കും. അക്കാദമിക് രംഗത്ത് വിപ്ലവകരമായ മാറ്റമാണ് സർക്കാരിന്റെ ലക്ഷ്യം എന്നും പറഞ്ഞു.

ജില്ലയിലെ മികച്ച അധ്യാപകർക്കും ഉയർന്ന വിജയശതമാനം നേടിയ സ്കൂളുകൾക്കും വിദ്യാർഥികൾക്കുമുള്ള ജില്ലാ പഞ്ചായത്തിന്റെ പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു.

വിസ്മയം പദ്ധതിക്കായി 30 ലക്ഷം രൂപയാണ് ജില്ലാപഞ്ചായത്ത് വകയിരുത്തിയിരിക്കുന്നത്. 21 വീൽചെയറുകൾ വിതരണം ചെയ്തു. ജയൻ സ്മാരക ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ അധ്യക്ഷനായി. വൈസ് പ്രസിഡന്റ് അഡ്വ. സുമലാൽ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ ഡോ. പി.കെ. ഗോപൻ, ജെ. നജീബത്ത്, വിദ്യാഭ്യാസ ഉപഡയറക്ടർ സുബിൻ പോൾ, ഡയറ്റ് പ്രിൻസിപ്പൽ ഇൻചാർജ് ഡോ. എസ്. ഷീജ, ഹയർസെക്കൻഡറി ജില്ലാ കോഡിനേറ്റർ എ. പോൾ, കൈറ്റ് ജില്ലാ കോഡിനേറ്റർ എസ്. ശ്രീനിവാസൻ, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോഡിനേറ്റർ എസ്. രാജേഷ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ. പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

## സെമിനാർ

ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ ആഭിമുഖ്യത്തിൽ നവസംരംഭകർക്കായി ഡിസംബർ 15ന് കെ. എസ്. എസ്. ഐ. എ ഹാളിൽ ബോധവത്കരണ സെമിനാർ നടത്തുന്നു. ഖാദി ബോർഡ് വൈസ് ചെയർമാൻ പി. ജയരാജൻ ഉദ്ഘാടനം ചെയ്യും. മേയർ പ്രസന്ന ഏണസ്റ്റ് അധ്യക്ഷയാകും. പൊതുജനത്തിനും പങ്കെടുക്കാം. വിവരങ്ങൾക്ക് 0474 2743587.

## ഡെപ്യൂട്ടേഷനിൽ ക്ലാർക്ക് നിയമനം

കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്റ്റ് അഡ്വൈസറി ബോർഡ് എറണാകുളം ഓഫീസിൽ ഒഴിവുള്ള ഒരു ക്ലാർക്ക് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ അസിസ്റ്റന്റ്/ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. അപേക്ഷകർക്ക് ഡി.റ്റി.പി. പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷ ചെയർമാൻ, അഡ്വൈസറി ബോർഡ്, കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്റ്റ്, പാടം റോഡ്, എളമക്കര, കൊച്ചി 682026, എറണാകുളം എന്ന വിലാസത്തിൽ നൽകണം. ഫോൺ: 0484 2537411.

## ഒ.ബി.സി പോസ്റ്റ്മെട്രിക്സ് കോളർഷിപ്പ്: അവസാന തീയതി നീട്ടി

സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യസ സ്ഥാപനങ്ങളിലോ അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടത്തുന്ന തിരഞ്ഞെടുപ്പ് രീതി പ്രകാരം ഐ.ഐ.ടി, ഐ.ഐ.എം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ മെറിറ്റ്/റിസർവേഷൻ പ്രകാരം പ്രവേശനം ലഭിച്ച് ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്കോളർഷിപ്പ് അനുവദിക്കുന്ന ഒ.ബി.സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് അപേക്ഷ സമർപ്പിക്കേണ്ട തീയതി ഡിസംബർ 24 വരെ നീട്ടി. കൂടുതൽ വിവരങ്ങൾക്ക്: www.e-gr-a-tnz.k-er-a-l-a.gov.in, www.b-c-d-d.k-er-a-l-a.gov.in.

# തൊഴിൽ കണ്ടെത്തുന്നതിന് ദിശാബോധം പകരും: മന്ത്രി വി. ശിവൻകുട്ടി

കൊല്ലം : തൊഴിലന്വേഷകർക്ക് ദിശാബോധം പകരുന്ന പ്രവർത്തനങ്ങൾക്ക് സർക്കാർ ഊന്നൽ നൽകുകയാണെന്ന് തൊഴിൽപൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. 100 ദിന കർമ പരിപാടിയുടെ ഭാഗമായി കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷനിൽ സജ്ജമായ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. മത്സരപരീക്ഷാ പരിശീലനം തുടങ്ങി അഭിമുഖങ്ങൾക്കുള്ള തയ്യാറെടുപ്പുകൾ വരെ ഇത്തരം കേന്ദ്രങ്ങൾ വഴി നൽകുകയാണ്. പുതിയ കാലത്തിന് ചേർന്ന രീതിയിലാണ് ഇവിടുത്തെ ഉപദേശനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നത് എന്നും അദ്ദേഹം വ്യക്തമാക്കി.

അധ്യക്ഷനായ ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ പഠനം മാത്രമല്ല തൊഴിലിലേക്കുള്ള വഴിയെന്ന് പറഞ്ഞു. വൈദഗ്ധ്യത്തോടയുള്ള സമീപനം വ്യത്യസ്ത ഘട്ടങ്ങളിൽ പ്രയോഗത്തിൽ കൊണ്ടു വരുന്നത് തൊഴിൽ സാധ്യത വർധിക്കാൻ ഇടയാക്കും. സംസ്ഥാനത്തെ ഏഴാമത്തെ കരിയർ ഗൈഡൻസ് കേന്ദ്രമാണ് കൊട്ടാരക്കരയിൽ തുടങ്ങിയതെന്നും അദ്ദേഹം പറഞ്ഞു.

കൊട്ടാരക്കര നഗരസഭ ചെയർമാൻ എ. ഷാജു, ജോയിന്റ് ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് എം. എ. ജോർജ്ജ് ഫ്രാൻസിസ്, മുൻ നിയമസഭാംഗം അയിഷ പോറ്റി, തഹസിൽദാർ ജി. നിർമൽ കുമാർ, എംപ്ലോയ്മെന്റ് ഓഫീസർമാരായ ആർ. ബൈജു ചന്ദ്രൻ, സതീശ് കരുണാകരൻ, വൊക്കേഷണൽ ഗൈഡൻസ് ഓഫീസർ ആർ. അശോകൻ തുടങ്ങിയവർ പങ്കെടുത്തു.സാമൂഹ്യപ്രതിബദ്ധതയിൽ അധിഷ്ഠിതമായ സിലബസ് പരിഷ്കരണം നടത്തും: മന്ത്രി വി. ശിവൻകുട്ടി

സാമൂഹ്യപ്രതിബദ്ധതയിൽ കൂടി അധിഷ്ഠിതമായി സ്കൂൾ സിലബസുകൾ കാലോചിതമായി പരിഷ്കരിക്കുമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. ജില്ലയിലെ ആദ്യ ഇന്റർനാഷണൽ മോഡൽ പ്രീ പ്രൈമറി സ്കൂൾ ചവറ സൗത്ത് സർക്കാർ യു.പി.എസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാർത്ഥികളുടെ ശാരീരികമാനസിക ആരോഗ്യം മുന്നിൽ കണ്ട് സ്കൂളുകളിൽ കളി സ്ഥലങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകും. ഇത്തരത്തിലുള്ള നവീകരണ പദ്ധതികൾ പലതുണ്ട്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അധ്യാപകരും തയ്യാറെടുക്കണം. പഠനനിലവാരം കൃത്യമായ ഇടവേളകളിൽ പരീക്ഷകളിലൂടെ പരിശോധിച്ച് ഉറപ്പു വരുത്തണമെന്നും മന്ത്രി പറഞ്ഞു.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തോടനുബന്ധിച്ച് പ്രീപ്രൈമറി സ്കൂളുകളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായാണ് ചവറ യുപിഎസിലെ പ്രീപ്രൈമറി വിഭാഗം ഇന്റർനാഷണൽ മോഡൽ പ്രീപ്രൈമറി സ്കൂളായി നവീകരിച്ചത്. സമഗ്ര ശിക്ഷ കേരള വഴി അനുവദിച്ച 15 ലക്ഷം രൂപ വിനിയോഗിച്ചാണ് ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുള്ള 10 ലക്ഷം രൂപ കൂടി അനുവദിച്ച് പദ്ധതി പൂർത്തിയാക്കും.

സ്കൂളിലെ ചുമരുകളിൽ ചിത്രങ്ങൾ വരച്ച ബി. ആർ. സിയിലെ ചിത്രകല അധ്യാപകർക്ക് മന്ത്രി പുരസ്കാരം നൽകി. സംസ്ഥാനതല ക്വിസ് മത്സരങ്ങളിൽ ജേതാക്കളായ വിദ്യാർഥികൾക്ക് സ്നേഹോപഹാരവും കൈമാറി. സ്കൂൾ കെട്ടിടത്തിലെ കോർണറുകളുടെ ഉദ്ഘാടനം വിവിധ ജനപ്രതിനിധികൾ നിർവഹിച്ചു.

തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കച്ചി പ്രഭാകരൻ അധ്യക്ഷയായി. ചവറ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പാശ്ശേരി, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രഭാകരൻ പിള്ള, ബ്ലോക്ക് പഞ്ചായത്ത് അംഗം ഷാജി എസ്. പള്ളിപ്പാടൻ, ഗ്രാമപഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷർ, അംഗങ്ങൾ, എസ്. സ്. കെ. ഡി. പി. സി. വി. രാധാകൃഷ്ണൻ ഉണ്ണിത്താൻ, പ്രോജക്റ്റ് ഓഫീസർ ആർ. പി. അമുൽ റോയി, ചവറ എ. ഇ. ഒ എൽ. മിനി, ഹെഡ്മിസ്ട്രസ് എസ്. കൃഷ്ണകുമാരി, ബി.പി.സി. സ്വപ്ന എസ്. കുഴിതടത്തിൽ, പി. ടി. എ പ്രസിഡണ്ട് സരസ്വതി പിള്ള, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

# സ്മാർട്ട് റേഷൻ കാർഡ് കൂടുതൽ പേരിലേക്ക് എത്തിക്കും: മന്ത്രി ജി. ആർ. അനിൽ

കൊല്ലം : ജനുവരിയോടെ കൂടുതൽ പേരിലേക്ക് സ്മാർട്ട് റേഷൻ കാർഡുകൾ എത്തിക്കുമെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ പറഞ്ഞു. താത്ക്കാലികമായി അംഗീകാരം റദ്ദ് ചെയ്ത റേഷൻ കടകളുമായി ബന്ധപ്പെട്ട ഫയൽ അദാലത്ത് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. അർഹരായവരിലേക്ക് ആനുകൂല്യം എത്തിക്കുന്നതിന് വകുപ്പിന്റെ പ്രവർത്തനങ്ങൾ കുടുതൽ ജനകീയമാക്കും. നിയമനടപടികൾ ലഘൂകരിച്ച് സേവനങ്ങൾ അതിവേഗമാക്കുകയാണ്. റേഷൻ കാർഡിൽ ഉൾപ്പെട്ട വ്യക്തി മരണപ്പെട്ടാൽ കാർഡ് ഉടമ കൈവശമുള്ള വ്യക്തമായ രേഖ സഹിതം അപേക്ഷിച്ചാൽ പേര് നീക്കം ചെയ്യുന്ന നടപടി വേഗത്തിലാക്കും. റേഷൻ കാർഡിലെ തെറ്റുകൾ തിരുത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി ആരംഭിച്ച 'തെളിമ' പദ്ധതി ലക്ഷ്യം കാണുകയുമാണ്. ലൈസൻസുമായി ബന്ധപ്പെട്ട 39 വർഷം പഴക്കമുള്ള അപേക്ഷയ്ക്ക് തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞത് അദാലത്തിന്റെ വിജയമാണെന്നും അദ്ദേഹം വ്യക്തമാക്കി.

റേഷൻ കട ഉടമയുടെ മരണത്തെ തുടർന്നുള്ള പിന്തുടർച്ച അവകാശവുമായി ബന്ധപ്പെട്ടവ, ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ലൈസൻസ് റദ്ദാക്കപ്പെട്ടവ എന്നിവ സംബന്ധിച്ച പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്.

താൽക്കാലികമായി അംഗീകാരം റദ്ദ് ചെയ്ത 45 റേഷൻ കടകളുടെ ഫയലുകൾ പരിശോധിച്ചു. 16 എണ്ണം തീർപ്പുകൽപ്പിച്ച് ലൈസൻസ് പുന:സ്ഥാപിച്ചു.

24 റേഷൻ കടകൾക്ക് ലൈസൻസ് പുനസ്ഥാപിക്കുന്നതിന് മതിയായ രേഖകൾ ഹാജരാക്കുന്നതിനായി ഒരാഴ്ച മുതൽ മൂന്നു മാസം വരെ സമയം അനുവദിച്ചു. അഞ്ച് കടകളുടെ ലൈസൻസ് റദ്ദ് ചെയ്തു, പുതിയവയ്ക്ക് നോട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടി തുടങ്ങാനും തീരുമാനമായി.




ജില്ലയിലെ മത്സ്യത്തൊഴിലാളി സംഘങ്ങളുടെ ശാക്തീകരണം വിലിയിരുത്തിയുള്ള യോഗവും പദ്ധതികളുടെ ചർച്ചയും മത്സ്യഫെഡ് ചെയർമാൻ റ്റി. മനോഹരൻ മത്സ്യഫെഡ് ജില്ലാ ഓഫീസിൽ ഉദ്ഘാടനം ചെയ്യുന്നു

# പ്രധാനമന്ത്രി കാശി വിശ്വനാഥ് ധാം ഉദ്ഘാടനം ചെയ്തു

ന്യൂഡൽഹി : പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് വാരണാസിയിലെ ശ്രീ കാശി വിശ്വനാഥ് ധാം ഉദ്ഘാടനം ചെയ്തു. കാശിയിലെ കാലഭൈരവ ക്ഷേത്രത്തിലും കാശി വിശ്വനാഥധാമിലും അദ്ദേഹം പ്രാർത്ഥിച്ചു. ഗംഗാനദിയിൽ പുണ്യസ്നാനവും നടത്തി.

'നാഗർ കോടോലിന്റെ' (കാല ഭൈരവൻ) പാദങ്ങളിൽ പ്രണാമം ചൊല്ലി പ്രസംഗം ആരംഭിച്ച പ്രധാനമന്ത്രി, അദ്ദേഹത്തിന്റെ അനുഗ്രഹമില്ലാതെ പ്രത്യേകിച്ച് ഒന്നും സംഭവിക്കില്ലെന്ന് പറഞ്ഞു. പ്രധാനമന്ത്രി രാജ്യത്തെ ജനങ്ങൾക്ക് വേണ്ടി ഭഗവാന്റെ അനുഗ്രഹം തേടി. കാശിയിൽ പ്രവേശിച്ചാലുടൻ എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തരാകുമെന്ന് പറയുന്ന പുരാണങ്ങളെ പ്രധാനമന്ത്രി ഉദ്ധരിച്ചു. 'ഭഗവാൻ വിശ്വേശ്വരന്റെ അനുഗ്രഹം, ഒരു അമാനുഷിക ഊർജ്ജം നാം ഇവിടെ വരുമ്പോൾ തന്നെ നമ്മുടെ ആന്തരിക ആത്മാവിനെ ഉണർത്തുന്നു.' വിശ്വനാഥ് ധാമിന്റെ ഈ പുതിയ സമുച്ചയം വെറുമൊരു വലിയ കെട്ടിടമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇത് നമ്മുടെ ഭാരതത്തിന്റെ സനാതന സംസ്കാരത്തിന്റെ പ്രതീകമാണ്. ഇത് നമ്മുടെ ആത്മീയ ആത്മാവിന്റെ പ്രതീകമാണ്. ഇത് ഇന്ത്യയുടെ പൗരാണികതയുടെയും പാരമ്പര്യത്തിന്റെയും ഇന്ത്യയുടെ ഊർജ്ജത്തിന്റെയും ചലനാത്മകതയുടെയും പ്രതീകമാണ്. പ്രധാനമന്ത്രി പറഞ്ഞു, 'ഒരാൾ ഇവിടെ വരുമ്പോൾ, അവർക്ക് വിശ്വാസം മാത്രമല്ല, ഭൂതകാലത്തിന്റെ മഹത്വം ഇവിടെ അനുഭവപ്പെടും. പൗരാണികതയും പുതുമയും എങ്ങനെ ഒരുമിച്ചു ജീവിക്കുന്നു. പുരാതന കാലത്തെ പ്രചോദനങ്ങൾ എങ്ങനെ ഭാവിയിലേക്ക് ദിശാബോധം നൽകുന്നു, വിശ്വനാഥ് ധാം സമുച്ചയത്തിൽ നാം ഇത് വളരെ വ്യക്തമായി കാണുന്നു, അദ്ദേഹം കൂട്ടിച്ചേർത്തു.

മുമ്പ് ക്ഷേത്രത്തിന്റെ വിസ്തീർണ്ണം 3000 ചതുരശ്ര അടി മാത്രമായിരുന്നുവെന്നും അത് ഇപ്പോൾ ഏകദേശം 5 ലക്ഷം ചതുരശ്ര അടിയായി വർധിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഇപ്പോൾ 50000 മുതൽ 75000 വരെ ഭക്തർക്ക് ക്ഷേത്രവും ക്ഷേത്ര പരിസരവും സന്ദർശിക്കാം. അതായത്, ആദ്യം ഗംഗാ മാതാവിൽ ദർശനവും കുളിയും, അവിടെ നിന്ന് നേരിട്ട് വിശ്വനാഥധാമിലേക്ക്, അദ്ദേഹം അറിയിച്ചു.

കാശിയുടെ മഹത്വത്തെക്കുറിച്ച് വിശദീകരിച്ച പ്രധാനമന്ത്രി, കാശി അനശ്വരമാണെന്നും അത് പരമശിവന്റെ രക്ഷാകർതൃത്വത്തിലാണെന്നും പറഞ്ഞു. ഈ മഹത്തായ സമുച്ചയത്തിന്റെ നിർമ്മാണത്തിലെ ഓരോ തൊഴിലാളികൾക്കും അദ്ദേഹം നന്ദി അറിയിച്ചു. കൊറോണയെപ്പോലും ഇവിടത്തെ പണി നിർത്താൻ അവർ അനുവദിച്ചില്ല.

പ്രവർത്തകരെ കണ്ട് അദ്ദേഹം അനുമോദിച്ചു. ധാമിന്റെ നിർമ്മാണത്തിനായി പ്രവർത്തിച്ച തൊഴിലാളികൾക്കൊപ്പമാണ് പ്രധാനമന്ത്രി ഉച്ചഭക്ഷണം കഴിച്ചത്. കരകൗശല വിദഗ്ധർ, നിർമാണവുമായി ബന്ധപ്പെട്ടവർ, ഭരണനിർവഹണം നടത്തിയവർ, ഇവിടെ വീടുണ്ടായിരുന്ന കുടുംബങ്ങൾ എന്നിവരെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. ഇതിനെല്ലാം പുറമേ, കാശി വിശ്വനാഥ് ധാം പദ്ധതി പൂർത്തിയാക്കാൻ അക്ഷീണം പ്രയത്നിച്ച യുപി ഗവൺമെന്റിനെയും മുഖ്യമന്ത്രി ശ്രീ യോഗി ആദിത്യനാഥിനെയും അദ്ദേഹം അഭിനന്ദിച്ചു.

ആക്രമണകാരികൾ ഈ നഗരത്തെ ആക്രമിക്കുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഔറംഗസേബിന്റെ ക്രൂരതകളുടെയും ഭീകരതയുടെയും ചരിത്രത്തിന് ഈ നഗരം സാക്ഷിയാണ്. ആരാണ് വാളുകൊണ്ട് നാഗരികതയെ മാറ്റാൻ ശ്രമിച്ചത്, ആരാണ് മതഭ്രാന്തു കൊണ്ട് സംസ്കാരത്തെ തകർക്കാൻ ശ്രമിച്ചത്. എന്നാൽ ഈ നാടിന്റെ മണ്ണ് ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ഔറംഗസേബ് ഉണ്ടെങ്കിൽ ശിവജിയും ഉണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഏതെങ്കിലും സലാർ മസൂദ് വന്നാൽ, സുഹേൽദേവ് രാജാവിനെപ്പോലുള്ള ധീരരായ യോദ്ധാക്കൾ അദ്ദേഹത്തെ ഇന്ത്യയുടെ ഐക്യത്തിന്റെ വീര്യം ആസ്വദിപ്പിച്ചു. ബ്രിട്ടീഷുകാരുടെ കാലത്തും ഹേസ്റ്റിംഗ്സിന് എന്താണ് സംഭവിച്ചതെന്ന് കാശിയിലെ ജനങ്ങൾക്ക് അറിയാമായിരുന്നു, ശ്രീ മോദി പറഞ്ഞു.

കാശി എന്നത് വെറും വാക്കുകളുടെ കാര്യമല്ലെന്നും അത് അനുഭൂതികളുടെ സൃഷ്ടിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കാശി അതാണ് എവിടെയാണ് ജീവിതം ഉണർന്നെണീക്കുന്നത്; കാശി അതാണ്, എവിടെ മരണവും ഒരു ഉത്സവമാണ്; കാശി അതാണ്, എവിടെ സത്യമാണ് സംസ്കാരം; കാശി അതാണ്, എവിടെയാണ് സ്നേഹം പാരമ്പര്യമായിരിക്കുന്നത്, കാശി അതാണ്. ജഗദ്ഗുരു ശങ്കരാചാര്യർ ശ്രീ ഡോം രാജയുടെ വിശുദ്ധിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രാജ്യത്തെ ഐക്യത്തിന്റെ നൂലിൽ ഒന്നിപ്പിക്കാൻ തീരുമാനിച്ച നഗരമാണ് വാരണാസിയെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഭഗവാൻ ശങ്കരനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഗോസ്വാമി തുളസീദാസ് രാമചരിതമനസ്സ് പോലെയുള്ള ഒരു മാനമുട്ടുന്ന സൃഷ്ടി നടത്തിയ സ്ഥലമാണിത്. ബുദ്ധന്റെ ജ്ഞാനോദയം ലോകത്തിന് വെളിപ്പെട്ടത് ഇവിടെ വെച്ചാണ്. സമൂഹത്തിന്റെ പുരോഗതിക്കായി കബീർദാസിനെപ്പോലുള്ള ഋഷിമാർ ഇവിടെ അവതരിച്ചു. സമൂഹത്തെ ഒന്നിപ്പിക്കേണ്ട ആവശ്യമുണ്ടെങ്കിൽ, ഈ കാശി റൈദാസ് ദേവന്റെ ഭക്തിയുടെ ശക്തിയുടെ കേന്ദ്രമായി മാറി, പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

നാല് ജൈന തീർത്ഥങ്കരന്മാരുടെ നാടാണ് കാശിയെന്ന് പ്രധാനമന്ത്രി പറഞ്ഞു, അഹിംസയുടെയും തപസ്സിന്റെയും പ്രതിരൂപമാണ്. ഹരിശ്ചന്ദ്ര രാജാവിന്റെ സമഗ്രത മുതൽ വല്ലഭാചാര്യ, രാമാനന്ദ് ജിയുടെ അറിവ് വരെ. ചൈതന്യ മഹാപ്രഭു, സമർഥ ഗുരു രാംദാസ് മുതൽ സ്വാമി വിവേകാനന്ദൻ, മദൻ മോഹൻ മാളവ്യ വരെ. കാശി എന്ന പുണ്യഭൂമി ഋഷിമാരുടെയും ആചാര്യന്മാരുടെയും വാസസ്ഥലമാണ്. ഛത്രപതി ശിവജി മഹാരാജ് ഇവിടെ വന്നതായി പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. റാണി ലക്ഷ്മി ബായി മുതൽ ചന്ദ്രശേഖർ ആസാദ് വരെ കാശി നിരവധി പോരാളികളുടെ കർമ്മഭൂമിയാണ്. ഭരതേന്ദു ഹരിശ്ചന്ദ്ര, ജയശങ്കർ പ്രസാദ്, മുൻഷി പ്രേംചന്ദ്, പണ്ഡിറ്റ് രവിശങ്കർ, ബിസ്മില്ലാ ഖാൻ തുടങ്ങിയ പ്രതിഭകൾ ഈ മഹാനഗരത്തിൽ നിന്നുള്ളവരാണെന്നും അദ്ദേഹം പറഞ്ഞു.



കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി അംഗങ്ങളുടെ മക്കൾക്ക് പ്ലസ് ടു എൻഡോവ്മെന്റ് നൽകുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം നിയമ മന്ത്രി പി. രാജീവ് നിർവഹിക്കുന്നു

# സപ്ലൈകോ ഓൺലൈൻ വില്പനയും ഹോം ഡെലിവറിയും ആരംഭിച്ചു

ആധുനിക വിവരസാങ്കേതിക സങ്കേതങ്ങൾ ഉപയോഗിച്ച് സപ്ലൈകോയിലൂടെ ജനങ്ങൾക്ക് പരമാവധി വിലക്കുറവിൽ ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ എത്തിക്കുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി അഡ്വ. ജി ആർ അനിൽ പറഞ്ഞു.

സംസ്ഥാനതലത്തിൽ ആരംഭിച്ച സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലൂടെയുള്ള ഓൺലൈൻ വില്പനയും ഹോം ഡെലിവറിയും തൃശൂർ ജില്ലാ ആസൂത്രണ ഭവൻ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സപ്ലൈകോ ആധുനികരണത്തിന്റെ പാതയിലാണ്. ഓൺലൈൻ ഹോം ഡെലിവറി പദ്ധതി, മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള എല്ലാ ഔട്ട്ലെറ്റുകളിലും ഡിജിറ്റൽ പെയ്മെന്റ് ഗേറ്റ് വേ സമ്പ്രദായം, സപ്ലൈകോയുടെ പെട്രോൾ പമ്പുകൾ, മെഡിക്കൽ സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ മുതൽ പീപ്പിൾസ് ബസാർ വരെയുള്ള ഔട്ട്ലെറ്റുകൾ, ഡിപ്പോ ഓഫീസുകൾ, റീജിയണൽ ഓഫീസുകൾ, ഹെഡ് ഓഫീസ് എന്നിവ തമ്മിൽ വിവരസാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ കോർത്തിണക്കിയുള്ള സ്റ്റോക്കും വിൽപനയും ക്രമീകരിക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് സപ്ലൈകോ പ്രധാനമായും ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

സപ്ലൈകോ കുടുംബശ്രീയുടെ സഹകരണത്തോടെയാണ് ഹോം ഡെലിവറി നടത്തിവന്നിരുന്നത്. അതിന്റെ ചുവടുപിടിച്ചാണ് സ്വന്തമായി ഓൺലൈൻ വില്പനയും ഹോം ഡെലിവറിയും നടത്താൻ തീരുമാനിച്ചത്.

തൃശ്ശൂരിലെ മൂന്നു സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലാണ് 'സപ്ലൈ കേരള' എന്ന ആപ്പ് വഴി ഓൺലൈൻ വില്പനയ്ക്ക് തുടക്കം കുറിക്കുന്നത്. ഈ മൂന്നിടങ്ങളിലെ പ്രവർത്തനം മികവുറ്റതാക്കി ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും ഓൺലൈൻ വില്പനയും ഹോം ഡെലിവറിയും ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്നും മന്ത്രി അറിയിച്ചു.

കേരളത്തിലെ 14 ജില്ലകളിലുമുള്ള ഉപഭോക്താക്കൾക്ക് എളുപ്പത്തിലും, വേഗത്തിലും മിതമായ നിരക്കിൽ അവശ്യവസ്തുക്കൾ ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് സപ്ലൈകോ ഇതിലൂടെ പൂർത്തീകരിക്കുന്നത്.

പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് 'സപ്ലൈ കേരള' ആപ്പിലൂടെ തൊട്ടടുത്ത സപ്ലൈകോ ഔട്ട്ലെറ്റ് തിരഞ്ഞെടുത്ത് സപ്ലൈകോ ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യാനാകും. അവശ്യ സാധനങ്ങൾ ഓൺലൈനായി ഓർഡർ ചെയ്യുന്നതു വഴി ഉപഭോക്താക്കൾക്ക് ക്യൂ നില്ക്കാതെ സമയവും പണവും ലാഭിച്ച് സപ്ലൈകോ ഉൽപ്പന്നങ്ങൾ വാങ്ങാനുള്ള അവസരമാണ് ഒരുങ്ങുന്നതെന്നും മന്ത്രി വ്യക്തമാക്കി.

'സപ്ലൈ കേരള' വഴി പുതുതായി വിപണിയിലിറക്കുന്ന ഉത്പന്നങ്ങളെക്കുറിച്ചുള്ള തൽക്ഷണ അറിയിപ്പ് ലഭിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഓൺലൈൻ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സപ്ലൈകോ ഏതൊരു ഓൺലൈൻ ബില്ലിനും അഞ്ചു ശതമാനം വിലകിഴിവ് നല്കും.

സംസ്ഥാനത്തെ അഞ്ഞൂറിൽപരം സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലൂടെ 'സപ്ലൈ കേരള' ആപ്പ് വഴി സപ്ലൈകോയുടെ വലിയൊരു വിതരണ ശൃംഖല സ്ഥാപിതമാകുന്നതോടു കൂടി 10,000ലധികം യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിന് വഴിയൊരുങ്ങുമെന്നും അദ്ദേഹം വ്യക്തമാക്കി.

എല്ലാ ഔട്ട്ലെറ്റുകളിലും ഡിജിറ്റൽ പേയ്മെന്റ് സമ്പ്രദായം ഏർപ്പെടുത്തുകയാണ് ലക്ഷ്യം. നിലവിൽ ചില ഔട്ട്ലെറ്റുകളിൽ ഇത്തരം സൗകര്യങ്ങൾ ലഭ്യമാണെങ്കിലും ഉപഭോക്താക്കൾക്ക് പേയ്മെന്റ് ഗേറ്റ് വേകൾക്ക് സർവീസ് ചാർജ് നൽകുന്ന സാഹചര്യം ഉണ്ട്. അത് പരമാവധി കുറച്ചോ തീരെ ഇല്ലാതാക്കിയോ ഉപഭോക്താക്കൾക്കും സപ്ലൈകോയ്ക്ക് നഷ്ടം ഇല്ലാത്ത രീതിയിൽ സമ്പ്രദായം ഏർപ്പെടുത്തും. ക്യു ആർ കോഡ് സ്കാനിങ്, കാർഡ് സൈ്വപ്പിങ്, ഇൻറർനെറ്റ് ബാങ്കിംഗ് എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള പെയ്മെന്റ് ഗേറ്റ് വേകൾ ഏർപ്പെടുത്താനാണ് താൽപര്യ പത്രത്തിലൂടെ സേവനദാതാക്കളെ സപ്ലൈകോ ക്ഷണിച്ചിട്ടുള്ളതെന്നും ഓൺലൈൻ ഹോം ഡെലിവറി ആപ്പിലൂടെ ഈ സമ്പ്രദായം നിലവിൽ വരുമെങ്കിലും ഓഫ്ലൈൻ ആയി സാധനങ്ങൾ വാങ്ങിക്കുന്ന ഉപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്തുകൊണ്ടാണ് ഇത്തരം സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

സപ്ലൈകോ അതിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.ആർ.പി (എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിങ്) വികസിപ്പിക്കുന്നതിന്റെ പാതയിലാണ്. ചുരുങ്ങിയ കാലത്തിനുള്ളിൽ സപ്ലൈകോയുടെ പ്രവർത്തങ്ങൾ സുതാര്യവും സുഗമവും ശക്തവുമാക്കുവാൻ ഇ.ആർ.പി വഴി സാധ്യമാവും. 2022 ഏപ്രിലോടുകൂടി ഇത് നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാവേലിസ്റ്റോറുകൾ ഉൾപ്പെടെയുള്ള മുഴുവൻ ഔട്ട്ലെറ്റുകളിലെയും തൽസ്ഥിതി ഹെഡ് ഓഫീസിൽ അറിയുന്നതിനും അതുവഴി സ്റ്റോക്കുകൾ ക്രമീകരിക്കുന്നതിനും കഴിയുമെന്നതാണ് ഇതിൽ ഏറ്റവും വലിയ ഗുണം.

ഓരോ ഉപഭോക്താവിനും സപ്ലൈ കേരള ആപ്പിലൂടെ പേയ്മെന്റ് ഉപാധികൾ ഉപയോഗപ്പെടുത്തി ഉൽപ്പന്നങ്ങൾ വാങ്ങാം. സപ്ലൈകോ ഓൺലൈൻ വിപണന ഉത്പന്നങ്ങൾക്ക് സർക്കാർ അംഗീകരിക്കുന്ന വിവിധ ഓഫറുകളും, ഡിസ്കൗണ്ടുകളും അതത് സമയങ്ങളിൽ 'സപ്ലൈ കേരള' ആപ്പ് വഴി അറിയിപ്പ് നല്കും. 'സപ്ലൈ കേരള' ആപ്പ് വഴി ലഭിക്കുന്ന ഓർഡറുകൾ ഏറ്റവും കൂടിയത് 24 മണിക്കൂറിനകം ഉപഭോക്താവിന് എത്തിച്ചു നല്കുമെന്നും സപ്ലൈകോയുടെ ഓരോ സൂപ്പർ മാർക്കറ്റിന്റെയും 10 കി.മീ ചുറ്റളവിൽ ഹോം ഡെലിവറി ഉണ്ടാവും.

നാലു കി.മീ ദൂരത്ത് അഞ്ചുകിലോ തൂക്കത്തിന് 35 രൂപയും ജിഎസ്ടിയും എന്നതാണ് നിശ്ചയിച്ചിരിക്കുന്ന മിനിമം നിരക്ക്. പിന്നീട് വേണ്ടി വന്നാൽ മാവേലി സ്റ്റോറുകളിലേക്കും ഓൺലൈൻ വില്പന നടപ്പിലാക്കുന്നതാണ്. സപ്ലൈകോയുടെ കംപ്യൂട്ടർ വിഭാഗം വികസിപ്പിച്ച ഇൻവെന്ററി മാനേജ്മെൻറ് വഴി എല്ലാ 'സപ്ലൈകോ വില്പന ശാലകളിലെ സ്റ്റോക്കും സെയിൽസും കേന്ദ്ര കാര്യാലയത്തിലെന്ന പോലെ എവിടെ നിന്നും അറിയാവുന്നതാണ്. ഈ വികസനം വഴി പൊതു വിപണിയിൽ സപ്ലൈകോയ്ക്ക് കുറച്ചു കൂടി ശക്തമായി ഇടപെടാൻ സാധിക്കും.

പൊതുവിതരണ മേഖലയെ ലാഭത്തിലാക്കുന്ന ഒരു ബദൽ നയം കേരളം സർക്കാർ ഉണ്ടാക്കിയെടുത്തു. അതുകൊണ്ടു തന്നെ സംസ്ഥാനത്തെ പൊതുവിതരണ രംഗത്ത് സപ്ലൈകോ ശ്രദ്ധേയമായ പങ്കാണ് വഹിക്കുന്നത്. ജനങ്ങളുമായി വകുപ്പ് വളരെ അടുത്തു നിൽക്കുന്നതിന്റെ തെളിവാണ് കോവിഡ് പശ്ചാത്തലത്തിലും കേരളം കണ്ടത്. കോവിഡ് കാലത്ത് കേരളത്തിൽ ഒരാൾ പോലും പട്ടിണി കിടന്നില്ലെന്നത് രാജ്യത്തിനു തന്നെ വലിയൊരു മാതൃകയാണെന്നും മന്ത്രി ഓർമിപ്പിച്ചു.

കോവിഡ് സാഹചര്യത്തിൽ 11 കോടി ഭക്ഷ്യക്കിറ്റുകളാണ് 13 തവണയായി 87 ലക്ഷം ജനങ്ങൾക്കു നൽകിയത്. ഇതോടൊപ്പം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടഞ്ഞു നിർത്താനും സർക്കാരിനു സാധിച്ചു. സംസ്ഥാനത്ത് 6 വർഷക്കാലമായി 13 നിത്യോപയോഗ സാധനങ്ങൾക്ക് അതേവില നിലനിർത്താൻ കഴിഞ്ഞത് സർക്കാരിന്റെ ശ്രദ്ധേയമായ ഇടപെടലിലൂടെയാണെന്നും മന്ത്രി വ്യക്തമാക്കി.

# ശ്രീനഗറിൽ പോലീസ് ബസിനുനേരെ ഭീകരാക്രമണം; മൂന്ന് പോലീസുകാർക്ക് വീരമൃത്യു

ശ്രീനഗർ: ജമ്മു കാഷ്മീരിലെ ശ്രീനഗറിൽ പോലീസ് ബസിനുനേരെ ഭീകരാക്രമണം. ഭീകരർ നടത്തിയ വെടിവയ്പിൽ മൂന്ന് പോലീസുകാർ വീരമൃത്യുവരിച്ചു. 14 പോലീസുകാർക്ക് പരിക്കേറ്റു. ഇതിൽ മൂന്ന് പേരുടെ നില ഗുരുതരമാണെന്നും കാഷ്മീർ ഡിജിപി പറഞ്ഞു.

ശ്രീനഗറിനു സമീപം പാന്ത ചൗക്കിൽ ഇന്ന് വൈകുന്നേരമായിരുന്നു സംഭവം. അതീവ സുരക്ഷാ മേഖലയിലാണ് ആക്രമണം ഉണ്ടായത്. ജമ്മു കാഷ്മീർ സായുധ പോലീസിലെ ഒൻപതാം ബറ്റാലിയനിലെ പോലീസുകാർക്ക് നേരെയാണ് വെടിവയ്പ്പുണ്ടായത്.

പരിക്കേറ്റ പോലീസുകാരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രണ്ട് ഭീകരരാണ് ബസിനുനേരെ വെടിയുതിർത്തതെന്നാണ് പ്രാഥമിക വിവരം. പോലീസ് സ്ഥലത്ത് ഭീകരർക്കായി തെരച്ചിൽ ആരംഭിച്ചു.

# മദ്യകമ്പനികളും ബെവ്കോയും തമ്മിലുള്ള തർക്കം പരിഹരിച്ചു: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

എക്സൈസ് ഡ്യൂട്ടി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് മദ്യ കമ്പനികളും ബിവറേജ് കോർപ്പറേഷനും തമ്മിലുള്ള തർക്കം പരിഹരിച്ചെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. മദ്യ കമ്പനികൾ സർക്കാരിന് നൽകേണ്ട എക്സൈസ് ഡ്യൂട്ടി ഈ സാമ്പത്തിക വർഷാവസാനം വരെ നിലവിലുള്ള രീതിയിൽ ബിവറേജ് കോർപ്പറേഷൻ മുൻകൂട്ടി അടയ്ക്കാനാണ് ധാരണയായത്.

സംസ്ഥാനത്ത് വർഷങ്ങളായി എക്സൈസ് ഡ്യൂട്ടി ബിവറേജ് കോർപ്പറേഷൻ അടക്കുന്ന രീതിയാണുള്ളത്. ഇത് അബ്കാരി ചട്ടത്തിന് വിരുദ്ധമായതിനാൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ വ്യക്തമാക്കിയിരുന്നു. ഇതോടെയാണ് ഈ രീതി നിർത്തലാക്കി കമ്പനികളോട് നേരിട്ട് എക്സൈസ് ഡ്യൂട്ടി അടക്കാൻ നിർദേശിച്ചത്. എന്നാൽ, ഇതിന്റെ പേരിൽ രണ്ടാഴ്ചയോളമായി മദ്യ കമ്പനികൾ മദ്യവിതരണം നിർത്തിവെച്ചിരിക്കുകയായിരുന്നു. ഡിസ്റ്റലറി ഉടമകളുടെ സംഘടന നൽകിയ നിവേദനം പരിഗണിച്ചാണ് തിങ്കളാഴ്ച ചർച്ച നടത്തിയത്. നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ബിവറേജ് കോർപ്പറേഷൻ സി എം ഡി, അഡീഷണൽ എക്സൈസ് കമ്മീഷണർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിലാണ് പ്രശ്ന പരിഹാരമായതെന്ന് മന്ത്രി വ്യക്തമാക്കി.

# വിലവർധന തടയുമെന്ന് ഭക്ഷ്യമന്ത്രി ജി ആർ അനിൽ

പൊതു വിപണിയിലെ വിലക്കയറ്റത്തിനെതിരെ സർക്കാർ ഫലപ്രദമായി ഇടപെട്ടുവരികയാണെന്നു മന്ത്രി ജി ആർ അനിൽ. അയൽ സംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് ഉൽപ്പന്നങ്ങൾ ശേഖരിച്ചു നൽകിയും സബ്സിഡി സാധനങ്ങൾക്ക് വില വർധിപ്പിക്കാതെയുമാണ് സർക്കാർ വിപണിയിൽ ഇടപെടുന്നതെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സപ്ലൈകോ സാധനങ്ങളുടെ വില വർധിപ്പിച്ചുവെന്ന വാർത്ത ശരിയല്ലെന്നും ടെണ്ടർ അനുസരിച്ച് വില മാറ്റമുണ്ടായ ഉൽപ്പന്നങ്ങളുടെ വിലകുറച്ചു നൽകുമെന്നും മന്ത്രി വ്യക്തമാക്കി.

ചുരുക്കം ഉൽപ്പങ്ങൾക്കാണ് വില മാറ്റം ഉണ്ടായത്. വൻപയർ, മല്ലി, കടുക്, പരിപ്പ് എന്നിവയ്ക്ക് നാലു രൂപ വീതവും ചെറുപയറിനു 10 രൂപയും മുളകിന് ഒൻപതു രൂപയും മല്ലിക്ക് എട്ടു രൂപയും കുറവ് വരുത്തുമെന്നും മന്ത്രി അറിയിച്ചു. ജയ അരിക്കും പഞ്ചസാരയ്ക്കും മട്ട അരിക്കും 50 പൈസ കുറവ് വരുത്തിയിട്ടുണ്ട്. വെളിച്ചെണ്ണ, ചെറുപയർ, ഉഴുന്ന്, തുവര പരിപ്പ്, കടല, പച്ചരി എന്നീ ഉൽപ്പന്നങ്ങൾക്ക് വില വിലവർധിപ്പിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി.

പൊതു വിപണിയേക്കാൾ 50 ശതമാനം വരെ വിലക്കുറവിലാണ് 35 ഇനം ഉത്പന്നങ്ങൾ സപ്ലൈകോ വിതരണം ചെയ്യുന്നത്. 13 ഇനം ഉൽപ്പങ്ങൾക്ക് ഒരു രൂപ പോലും വർധിപ്പിച്ചിട്ടില്ലെന്നും വിപണിയിൽ കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കാൻ ആരെയും അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

സപ്ലൈകോ പ്രവർത്തനങ്ങൾ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ഓൺലൈൻ വില്പനയും ഹോം ഡെലിവറിയും വൈകാതെ സംസ്ഥാന വ്യാപകമാക്കുമെന്നും മന്ത്രി ജി.ആർ അനിൽ അറിയിച്ചു.



താത്ക്കാലികമായി അംഗീകാരം റദ്ദ് ചെയ്ത റേഷൻ കടകളുമായി ബന്ധപ്പെട്ട ഫയൽ അദാലത്ത് കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ മന്ത്രി ജി. ആർ. അനിൽ ഉദ്ഘാടനം ചെയ്യുന്നു

# കൊലയ്ക്കു ശേഷം കാലു വെട്ടിയ സംഭവം; ഒളിവിൽ കഴിഞ്ഞ സുധീഷിനു രക്ഷയുണ്ടായില്ല

പോത്തൻകോട്: കല്ലൂർ പാണൻവിളയിൽ സുധീഷ് എന്ന യുവാവിനെ കൊലപ്പെടുത്തിയ സംഭവത്തിൽ പതിനഞ്ചോളം പേർ കസ്റ്റഡിയിൽ. ഇതിൽ മൂന്നു പേരുടെ അറസ്റ്റ് രേഖപ്പെടുത്തി. ചിറയിൻകീഴ് ശാസ്തവട്ടം സ്വദേശികളായ നന്ദീഷ് (22), മൊട്ട നിധീഷ് (24), കണിയാപുരം സ്വദേശി രഞ്ജിത് (28) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.

രഞ്ജിത്തിൻറെ ഓട്ടോറിക്ഷയിലാണ് അക്രമി സംഘമെത്തിയത്. കൊലപാതകത്തിനു ശേഷം ആറ്റിങ്ങലിലെ ഭാര്യ വീട്ടിൽ എത്തിയ രഞ്ജിത്തിനെ ശനിയാഴ്ച രാത്രിയാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. കൊലപാതകത്തിൽ പങ്കില്ലെന്നും ഓട്ടം പോവുക മാത്രമാണ് ചെയ്തതാണ് രഞ്ജിത്ത് നൽകിയ മൊഴി.

എന്നാൽ, രഞ്ജിത്തിനു കൊലപാതകത്തിൽ നേരിട്ടു പങ്കുണ്ടെന്നതിനു തെളിവ് ലഭിച്ചതായി പോലീസ് പറഞ്ഞു. ഓട്ടോറിക്ഷയിൽനിന്ന് ആയുധവുമായി പുറത്തുപോകുന്നതിൻറെയും തിരികെ വയ്ക്കുന്നതിൻറെയും സിസിടിവി ദൃശ്യങ്ങൾ പോലീസ് ശേഖരിച്ചിട്ടുണ്ട്. കൂടുതൽ അറസ്റ്റ് ഇന്ന് ഉണ്ടാകുമെന്ന് പോലീസ് പറഞ്ഞു.

അതേസമയം, കൊലപാതകത്തിന് പിന്നിൽ ഗുണ്ടാപകയാണെന്നു റൂറൽ എസ്പി പി.കെ മധു വ്യക്തമാക്കി. ഒട്ടകം രാജേഷ് എന്ന കുപ്രസിദ്ധ ഗുണ്ടയുടെ സംഘമാണ് സുധീഷിനെ വെട്ടിക്കൊന്നതെന്നു പോലീസ് വെളിപ്പെടുത്തി.

ഇയാൾ ഇപ്പോൾ ഒളിവിലാണ്. ഭീഷണി നിലനിൽക്കുന്നതിനാൽ സുധീഷ് ഏറെ നാളായി ഒളിവിൽ കഴിഞ്ഞു വരികയായിരുന്നു. സുധീഷ് ബന്ധുവീട്ടിലുള്ള കാര്യം മനസിലാക്കിയ സംഘം ആദ്യം ട്രയൽ നടത്തി. പരിസരത്തെക്കുറിച്ചു കൃത്യമായ ധാരണയുണ്ടാക്കിയ ശേഷമായിരുന്നു കൊലപാതകം ആസൂത്രണം ചെയ്തത്.

ശനിയാഴ്ച ഉച്ചയ്ക്ക് 2.45 ന് ബൈക്കുകളിലും ഓട്ടോയിലുമായി 11 അംഗ സംഘം സുധീഷിനെ അന്വേഷിച്ചെത്തി. അപകടം മനസിലാക്കിയ ഉടൻ തന്നെ സുധീഷ് ബന്ധുവീട്ടിലേക്ക് ഓടിക്കയറി കതകടച്ചു. പരിസരവാസികളും ഈ സമയത്തു പ്രദേശത്തേക്ക് എത്തിച്ചേർന്നു. ആദ്യം പ്രദേശവാസികളെ ഓടിക്കാൻ ഗുണ്ടാസംഘം നാടൻ ബോംബെറിഞ്ഞു.

മറ്റെല്ലാവരും പകച്ചുനിൽക്കുന്ന സമയത്ത് വീടിൻറെ കതക് പൊളിച്ച് അകത്തു കയറി സുധീഷിനെ വെട്ടിനുറുക്കി.കൈകാലുകൾ വെട്ടിമാറ്റിയ ശേഷം ഒരു കാലെടുത്ത് സംഘം ബൈക്കിലേക്ക് ഓടിക്കയറി രക്ഷപ്പെട്ടു. ഇരുകൈകളും ആകാശത്തേക്ക് ഉയർത്തി ഉത്സവാഘോഷത്തോടെയാണ് പ്രതികൾ ബൈക്കിലിരുന്നത്.

ഒരു കിലോമീറ്റർ കഴിഞ്ഞപ്പോൾ കാല് റോഡിൽ ഉപേക്ഷിച്ചു. വീട്ടിലുണ്ടായിരുന്ന മക്കൾ സുധീഷിനെ വെട്ടിക്കൊല്ലുന്നത് നോക്കിനിൽക്കുകയായിരുന്നു. മംഗലപുരം, ആറ്റിങ്ങൽ സ്റ്റേഷനുകളിൽ വധശ്രമം അടിപിടി കേസുകളിൽ പ്രതിയാണ് മരിച്ച സുധീഷ്.

ആറ്റിങ്ങൽ മങ്ങാട്ടുമൂലയിൽ ഇക്കഴിഞ്ഞ ആറിന് സുധീഷിൻറെ സംഘം വീട് ആക്രമിച്ചു രണ്ടു പേരെ വെട്ടിപ്പരിക്കേൽപ്പിച്ചിരുന്നു. രാജേഷിൻറെ സംഘത്തിനു നേരെയായിരുന്നു ഈ ആക്രമണമെന്നാണ് വിവരം. ഈ കേസിൽ അഞ്ച് പേർ ഇപ്പോൾ ജയിലിലാണ്.

പ്രത്യാക്രമണം തുടരുമെന്നു മനസിലാക്കിയ സുധീഷ് കല്ലൂർ പാണൻ വിളയിലെ അമ്മയുടെ കുടുംബ വീട്ടിൽ ഒളിവിലായിരുന്നു. ആക്രമണത്തെക്കുറിച്ചുള്ള കഥകൾ ഭീതി പരത്താനായി ഉപയോഗിക്കുന്നത് ഒട്ടകം രാജേഷിൻറെ രീതിയാണെന്നു പോലീസ് പറഞ്ഞു.

കൊലപാതകത്തിന് മുമ്പ് പ്രതികൾ നാടൻ പടക്കമെറിഞ്ഞ് ട്രയൽ റൺ നടത്തിയെന്ന് വിവരം. മംഗലപുരം മങ്ങോട് കോണം പാലത്തിന് മുന്നിൽ നിന്നാണ് നാടൻ പടക്കമെറിഞ്ഞ് ട്രയൽ റൺ നടത്തിയത്.

സുധീഷ് ഒളിച്ചു താമസിച്ചത് ലക്ഷം വീട് കോളനിയിലായതിനാൽ, അവിടെ എത്തി എങ്ങനെ പ്രതിരോധം തീർക്കാം എന്ന് കണക്കുകൂട്ടിയാണ് പടക്കമെറിഞ്ഞ് നോക്കിയതെന്നാണ് പൊലീസ് പറയുന്നത്



കേരള കരകൗശല വികസന കോർപ്പറേഷന്റെ ക്യാൻവാസ് '21 ചിത്രപ്രദർശനം ഗതാഗതമന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യുന്നു

## കരകൗശല വികസന കോർപ്പറേഷന്റെ ക്യാൻവാസ് 21 ചിത്ര പ്രദർശനം ആരംഭിച്ചു

കേരള കരകൗശല വികസന കോർപ്പറേഷന്റെ ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന 'ക്യാൻവാസ് 21' ചിത്ര പ്രദർശനവും വിൽപ്പനയും ഗതാഗതമന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു.

കരകൗശല ഉൽപ്പന്നങ്ങൾക്ക് വലിയ വിപണി സാധ്യത ഉണ്ടെന്നും മൗലികതയുള്ള ചിത്രങ്ങൾ സൃഷ്ടിക്കുന്നതിനായി കലാകാരൻമാർ പരിശ്രമിക്കണമെന്നും എസ്.എം.എസ്.എം ഇൻസ്റ്റിറ്റ്യൂട്ടിലെ സെന്റിനറി ഹാളിൽ നടക്കുന്ന ചിത്ര പ്രദർശനം ഉദ്ഘാടനം ചെയ്ത് മന്ത്രി പറഞ്ഞു.

ഐ.എം.ജി. ഡയറക്ടർ കെ. ജയകുമാർ ആദ്യ വിൽപ്പന നിർവഹിച്ചു. കേരള കരകൗശല വികസന കോർപ്പറേഷൻ ചെയർമാൻ പി. രാമഭദ്രൻ, മാനേജിംഗ് ഡയറക്ടർ എൻ.കെ മനോജ്, ഡയറക്ടർ എസ് മുരളി, മാനേജർ (പി & എ) എം.എം. ഷംനാദ് എന്നിവർ പങ്കെടുത്തു. നൂറോളം കലാകാരൻമാരുടെ ചിത്രങ്ങൾ ക്യാൻവാസ് '21ൽ പ്രദർശിപ്പിക്കുന്നുണ്ട്. പ്രദർശനം ജനുവരി രണ്ടുവരെ തുടരുമെന്ന് സംഘാടകർ അറിയിച്ചു.

# സംസ്ഥാനത്ത് പുതിയ കരിയർ നയം ഉണ്ടാക്കും: മന്ത്രി വി ശിവൻകുട്ടി

സംസ്ഥാനത്ത് പുതിയ കരിയർ നയം കൊണ്ടുവരുമെന്ന് തൊഴിലും പൊതുവിദ്യാഭ്യാസവും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. സംസ്ഥാനത്തെ എല്ലാവിധ കരിയർ ഡെവലപ്മെന്റ് പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക, സംസ്ഥാന കരിയർ ഡെവലപ്മെന്റ് മിഷൻ രൂപീകരിക്കുക, പഠനം പൂർത്തിയാക്കിയ എല്ലാവരെയും ഘട്ടം ഘട്ടമായി തൊഴിൽ മേഖലയിൽ എത്തിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. നിയുക്തി തൊഴിൽമേള2021 ന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

എൽഡിഎഫ് പ്രകടനപത്രികയിൽ പറഞ്ഞ പ്രകാരം തൊഴിൽ ലഭ്യമാക്കുമെന്ന് മന്ത്രി വ്യക്തമാക്കി. എല്ലാ ജില്ലകളിലും തൊഴിൽ മേളകൾ സംഘടിപ്പിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയബിലിറ്റി സെന്ററുകളുടെയും സഹകരണത്തോടെയാണ് തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത്.

ഐടി, ടെക്സ്റ്റൈൽ, ജ്വല്ലറി, ഓട്ടോമൊബൈൽസ്, അഡ്മിനിസ്ട്രേഷൻ, മാർക്കറ്റിംഗ്, ഹോസ്പിറ്റാലിറ്റി, ഹെൽത്ത്കെയർ എന്നിവയിലേതടക്കമുള്ള പ്രമുഖ കമ്പനികൾ തൊഴിൽമേളകളിൽ പങ്കെടുക്കുന്നുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളേയും ഉദ്യോഗാർത്ഥികളേയും ഒരേ വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മെഗാ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത്.

കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഇലക്ട്രോണിക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്കുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് ഓൺലൈൻ സോഫ്റ്റ്വെയർ വികസിപ്പിക്കുകയും വെബ്സൈറ്റ് വഴി തൊഴിലന്വേഷകർക്ക് വിവരങ്ങൾ ലഭ്യമാകുന്ന തരത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ തൊഴിലന്വേഷകരുടെ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ എൻ ഐ സി യുടെ സഹായത്തോടെ തയ്യാറാക്കിയ മൊബൈൽ അപ്ലിക്കേഷന്റെ ഉദ്ഘാടനവും മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. കടകമ്പള്ളി സുരേന്ദ്രൻ എംഎൽ എ അധ്യക്ഷനായിരുന്നു.

## ഫിഷറീസ് ഡയറക്ടറേറ്റിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ കമ്പ്യൂട്ടർ പ്രോഗ്രാമർ ഒഴിവ്

ഫിഷറീസ് ഡയറക്ടറേറ്റിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ / കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ ഒരു വർഷത്തേക്ക് പ്രതിമാസം 31,920 രൂപക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. യോഗ്യത എം.ടെക് / എം.ഇ /ബി.ടെക് /ബി.ഇ / എം.സി.എ / എം.എസ്.സി കമ്പ്യൂട്ടർ സയൻസ് കൂടാതെ നെറ്റ് വർക്കിംഗ് സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. പ്രോഗ്രാമിംഗ്/ നെറ്റ് വർക്കിംഗ് വെബ് ഡിസൈനിംഗ് മേഖലയിൽ മൂന്ന് വർഷത്തെ പ്രവൃത്തിപരിചയം അഭിലഷണീയം. കൂടുതൽ വിവരങ്ങൾ ം൦൦.ളശവെലൃശല െ.സലൃമഹമ.ഴീ്.ശി ൽ ലഭ്യമാണ്. അപേക്ഷകൾ ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്, വികാസ് ഭവൻ, തിരുവനന്തപുരം 695 033 എന്ന വിലാസത്തിലോ f-a-ir-copy.d-ir@gm-a-i-l.com ലോ 18 ന് മുമ്പ് ലഭിക്കണം.

# കേരളത്തിൽ ഇന്ന് കോവിഡ് സ്ഥിരീകരിച്ചവരിൽ 87 ശതമാനം പേരും വാക്സിൻ സ്ഥിരീകരിച്ചവർ; കണക്കുകൾ

തിരുവനന്തപുരം: കേരളത്തിൽ ഇന്ന് കോവിഡ് സ്ഥിരീകരിച്ചവരിൽ 87.55 ശതമാനം പേരും വാക്സിൻ സ്ഥിരീകരിച്ചവർ. ഇന്നത്തെ റിപ്പോർട്ട് പ്രകാരം 2,434 പുതിയ രോഗികളിൽ 2,131 പേർ വാക്സിനേഷന് അർഹരായിരുന്നു.

ഇവരിൽ 195 പേർ ഒരു ഡോസ് വാക്സിനും 1,206 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു. എന്നാൽ 730 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കോവിഡ് വാക്സിനുകൾ ആളുകളെ അണുബാധയിൽ നിന്നും ഗുരുതരമായ അസുഖത്തിൽ നിന്നും സംരക്ഷിക്കുകയും ആശുപത്രിവാസത്തിൻറെയും മരണത്തിൻറെയും സാധ്യത ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 97 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,58,94,766), 71.1 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (1,89,97,113) നൽകി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ/ ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ് (12,57,495)

ഡിസംബർ ആറ് മുതൽ 12 വരെയുള്ള കാലയളവിൽ, ശരാശരി 39,799 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 1.9 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 1.5 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്. ഈ കാലയളവിൽ, കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ കേസുകളിൽ ഏകദേശം 3,528 കുറവ് ഉണ്ടായി. പുതിയ കേസുകളുടെ വളർച്ചാ നിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ 11 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെൻറിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 10, 6, 0.1, 14, 19, 5 ശതമാനമായി കുറഞ്ഞു.

ആശുപത്രിവാസത്തിൻറെ നിരക്കും ഗുരുതരമായ കേസുകളും കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്.

## ബാർട്ടൺഹിൽ ഗവ. എൻജിനിയറിങ് കോളേജിൽ ബി.ടെക് സ്പോട്ട് അഡ്മിഷൻ

202122 വർഷത്തെ ലാറ്ററൽ എൻട്രി ബി.ടെക് പ്രവേശനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ബാർട്ടൺഹിൽ ഗവൺമെന്റ് എൻജിനിയറിങ് കോളേജിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 15ന് നടക്കും. വിദ്യാർഥികൾ തങ്ങളുടെ അസൽ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളുമായി രാവിലെ 10ന് കോളേജിൽ ഹാജരാകണം. വിശദവിവരങ്ങൾ: ം൦൦.ഴലര യവ.മര.ശി.

## ഒന്നാം വർഷ പി.ജി സ്പോട്ട് അലോട്ട്മെന്റ്: തിരുവനന്തപുരം മേഖലയിൽ മാറ്റം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിൽ ജനറൽ/ സംവരണവിഭാഗങ്ങൾക്ക് (എസ്.സി/ എസ്.ടി വിഭാഗങ്ങൾ ഉൾപ്പടെ) തിരുവനന്തപുരം മേഖലയിൽ 14, 15 ന് നിശ്ചയിക്കപ്പെട്ട സ്പോട്ട് അലോട്ട്മെന്റ് യഥാക്രമം ഡിസംബർ 17, 18 ലേക്ക് മാറ്റി. മറ്റു മേഖലകളിലെ സ്പോട്ട് അലോട്ട്മെന്റിനു മാറ്റമില്ല.

# കൊല്ലം ജില്ലാ ആസൂത്രണ സമിതി യോഗം

കൊല്ലം : തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ഭേദഗതികൾക്ക് അംഗീകാരം

202122 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ ഉൾപ്പെടുത്തി ഭേദഗതിക്ക് സമർപ്പിച്ച തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി ഭേദഗതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി. 34 ഗ്രാമ പഞ്ചായത്തുകളുടെയും മൂന്ന് ബ്ലോക്കുകളുടെയും മൂന്ന് മുനിസിപ്പാലിറ്റികളുടെയും ജില്ലാ പഞ്ചായത്തിന്റെയും ഭേദഗതികൾക്കാണ് അംഗീകാരം.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുന്നൊരുക്കങ്ങൾ അടിയന്തിരമായി ആരംഭിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് നിർദേശം നൽകി. വിവിധ പദ്ധതികളുടെ പുരോഗതി ചെലവ് അവലോകനവും നടന്നു. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിക്കുന്ന 'ടേക്ക് എ ബ്രേക്ക്' പദ്ധതിക്ക് അംഗീകാരം നൽകി. 'സ്മാർട്ട് ഗാർബേജ് പദ്ധതി' തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

50 ലക്ഷം രൂപ വകയിരുത്തുന്ന ജില്ലാ പഞ്ചായത്തിന്റെ നൂതന പദ്ധതിയായ എസ്. സി വനിതകൾക്ക് ഡേറ്റാ എൻട്രി ഓപ്പറേറ്ററായി വിവിധ സർക്കാർ സ്ഥാപനങ്ങളിൽ അപ്രന്റിസ്ഷിപ് നൽകുന്ന 'എൻട്രി ' പദ്ധതിക്ക് അംഗീകാരം നൽകി. പുതിയ പദ്ധതികൾ സമർപ്പിക്കുമ്പോൾ കാലഘട്ടത്തിന് അനുസൃതമായ പദ്ധതികൾ ഉൾപ്പെടുത്താൻ തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി.

ജില്ലാ പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ ആസൂത്രണ സമിതി ചെയർമാൻ സാം കെ. ഡാനിയൽ അധ്യക്ഷനായി. ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപനങ്ങളുടെ അധ്യക്ഷ ാർ, സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

തൊഴിൽ മേള 19ന്; ധനമന്ത്രി ഉദ്ഘാടനം ചെയ്യും

പ്ലസ് ടു മുതൽ യോഗ്യതയുള്ള 10000 പേർക്ക് ജോലി സാധ്യതയൊരുക്കുന്ന തൊഴിൽ മേള ഡിസംബർ 19ന് ചവറ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷനിൽ ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. നൂറിലധികം കമ്പനികൾ പങ്കെടുക്കും. രജിസ്ട്രേഷന് സീീംഹലറഴലാശൈശീ.സലൃമഹമ.ഴീ്.ശി വെബ്സൈറ്റിൽ 15ന് വൈകിട്ട് അഞ്ചു മണി വരെയാണ് സമയം. ഫോൺ 0471 2737881.

## ലാറ്ററൽ എൻട്രി തത്സമയ പ്രവേശനം

മാനന്തവാടി ഗവൺമെന്റ് എൻജിനിയറിങ് കോളേജിൽ ഒഴിവുള്ളതും ഒഴിവ് വരാൻ സാധ്യതയുള്ളതുമായ രണ്ടാം വർഷ (എസ് 3) ബി.ടെക് ലാറ്ററൽ എൻട്രി (ലെറ്റ്) സീറ്റുകളിൽ ലെറ്റ് 2021 പ്രോസ്പെക്ടസിന് വിധേയമായി തത്സമയ പ്രവേശനം നടത്തും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ആവശ്യമായ രേഖകൾ സഹിതം 15ന് രാവിലെ 11 മണിക്ക് മുൻപ് രജിസ്റ്റർ ചെയ്യണം. നിലവിൽ പ്രവേശനം ലഭിച്ചവർ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും എൻ.ഒ.സി ഹാജരാക്കണം (സർക്കാർ എൻജിനിയറിങ് കോളേജിൽ നിന്നുള്ളവരൊഴികെ). പുതുതായി പ്രവേശനം ലഭിക്കുന്നവർ അന്നുതന്നെ എല്ലാ അസൽ രേഖകളും സർട്ടിഫിക്കറ്റുകളും ഹാജരാക്കി മുഴുവൻ ഫീസും അടയ്ക്കണം. 0493 5257321

# ഇ.എം.എസ് മെമ്മോറിയൽ പ്രസംഗമത്സരം

ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങൾക്കായി പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു. തിരുവനന്തപുരം ഗാന്ധി സ്മാരക നിധി ഹാളിലാണ് പ്രസംഗ മത്സരം സംഘടിപ്പിക്കുന്നത്. ഒന്നാം സ്ഥാനത്തിന് 15,000 രൂപയും, രണ്ടാം സ്ഥാനത്തിന് 10,000 രൂപയും മൂന്നാം സ്ഥാനത്തിന് 5000 രൂപയും ക്യാഷ് പ്രൈസും ഇ.എം.എസ് സ്മാരക ട്രോഫിയും യുവജന ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ വിതരണം ചെയ്യും. അഞ്ച് മിനിറ്റ് സമയം ലഭിക്കും. വിഷയം അഞ്ച് മിനിറ്റ് മുമ്പ് നൽകും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന 18നും 40നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾ ബയോഡേറ്റ സഹിതം ്യീൗവേ റമ്യ2020@ഴാമശഹ.രീാ ൽ 20 ന് വൈകിട്ട് അഞ്ചുമണിക്കകം അപേക്ഷിക്കണം. ഫോൺ: 0471 2308630, 8086987262.

# 140 കോടിയിൽ അധികം വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

ന്യൂഡൽഹി: രാജ്യത്തൊട്ടാകെ കോവിഡ്19 പ്രതിരോധ കുത്തിവയ്പ് അതിവേഗത്തിൽ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. എല്ലാവർക്കും കോവിഡ്19 പ്രതിരോധ കുത്തിവയ്പു നൽകുന്ന പുതിയ ഘട്ടത്തിന് രാജ്യത്ത് 2021 ജൂൺ 21നാണ് തുടക്കമായത്. പ്രതിരോധ മരുന്നു കൂടുതൽ ലഭ്യമാക്കിയതും, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മരുന്നുലഭ്യത മുൻകൂട്ടി അറിയാൻ കഴിഞ്ഞതും മികച്ച ആസൂത്രണത്തിനും വിതരണശൃംഖല സുതാര്യമാക്കുന്നതിനും സഹായിച്ചു.

രാജ്യവ്യാപക പ്രതിരോധ കുത്തിവയ്പു പരിപാടിയുടെ ഭാഗമായി, സൗജന്യമായി വാക്സിനുകൾ നൽകി കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പിന്തുണ നൽകി വരികയാണ്. കോവിഡ്19 പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പുതിയ ഘട്ടത്തിൽ വാക്സിനുകളുടെ 75% കേന്ദ്ര ഗവൺമെന്റ് സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന വാക്സിനുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗജന്യമായി നൽകും.

കേന്ദ്ര ഗവൺമെന്റ് സൗജന്യമായി ലഭ്യമാക്കിയതും സംസ്ഥാനങ്ങൾ നേരിട്ട് സംഭരിച്ചതുമുൾപ്പടെ ഇതുവരെ 140 കോടിയിലധികം (1,40,20,73,270) വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കൈമാറിയിട്ടുണ്ട്.

17.93 കോടിയിൽ അധികം (17,93,72,576) കോവിഡ് വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പക്കൽ ഇപ്പോഴും ലഭ്യമാണ്. പരിശോധനകൾ വർധിപ്പിച്ചപ്പോൾ പ്രതിവാര രോഗസ്ഥിരീകരണ നിരക്ക് നിലവിൽ 0.70 ശതമാനമാണ് 28 ദിവസമായി 1% ത്തിൽ താഴെ. പ്രതിദിന രോഗസ്ഥിരീകരണ നിരക്ക് 0.65% ശതമാനമാണ്. കഴിഞ്ഞ 69 ദിവസമായി ഇത് 2 ശതമാനത്തിൽ താഴെയും, 104 ദിവസമായി 3 ശതമാനത്തിൽ താഴെയുമാണ്.

# ഗോത്രവർഗ മേഖലയിലെ ഭക്ഷ്യഭദ്രത: സെമിനാർ സ്പീക്കർ ഉദ്ഘാടനം ചെയ്യും

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ഗോത്രവർഗ മേഖലയിലെ ഭക്ഷ്യഭദ്രതയും തനത് ഭക്ഷ്യ സംസ്കാരം വീണ്ടെടുക്കലും ആസ്പദമാക്കി 16ന് രാവിലെ 10.30 മുതൽ പട്ടം ലീഗൽ മെട്രോളജി ഭവൻ കോൺഫറൻസ് ഹാളിൽ ഏകദിന സെമിനാർ നടത്തും. നിയമസഭാ സ്പീക്കർ എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്യും. ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ അധ്യക്ഷത വഹിക്കും. പട്ടികജാതി പട്ടികവർഗ വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് ഗോത്രവർഗ ജനതയുടെ തനത് ഭക്ഷ്യ വിവസ്ഥയിലെ മാറ്റങ്ങളും പോഷകാഹാര സുരക്ഷയും, ഗോത്രവർഗ ജനതയുടെ പോഷകാഹാര സുരക്ഷ എന്നീ വിഷയങ്ങളെക്കുറിച്ച് ഡോ. സുമ. റ്റി.ആർ, ഡോ. സി.എസ്. ചന്ദ്രിക എന്നിവർ വിഷയം അവതരിപ്പിക്കും. ഗോത്ര വർഗ ജനതയുടെ തനത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അട്ടപ്പാടിയിൽ നടപ്പാക്കിയ 'നമത് വെള്ളാമെ' പദ്ധതിയെക്കുറിച്ച് സി. ജയകുമാർ അനുഭവം പങ്കുവയ്ക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.